**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര. ചിഹ്നമിടാത്ത ചോദ്യം നം.1567** **05.12.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്.**

**കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർ**

**ചോദ്യം** **ഉത്തരം**

**ശ്രീ. മോൻസ് ജോസഫ്**

**ശ്രീ. മഞ്ഞളാംകുഴി അലി**
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി**

| | | | |
|---|---|---|---|
| (എ) | കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ പേമെന്റ് ഓഫ് സാലറി സംബന്ധിച്ച് ധനകാര്യ വകുപ്പിൽ നിലവിലുള്ള 90429/2013/Fin. dt. 17.10.2013, 66517/2013/Fin Dev എന്നീ ഫയലുകളിൽ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | 90429/WW1/Fin. No. അനൗദ്യോഗിക കുറിപ്പു പ്രകാരം ലഭിച്ച ശ്രീ. കുട്ടി അഹമ്മദ് കുട്ടി കമ്മിറ്റി റിപ്പോർട്ട് ശുപാർശയായ മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ ശമ്പളവും പെൻഷനും ട്രഷറി മുഖാന്തിരം നൽകുന്നത് സംബന്ധിച്ച വിഷയം U.O.(f) 14913/Dev.3/2014/Fin. പ്രകാരം ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.<br><br>മുനിസിപ്പൽ കോമൺ സർവ്വീസിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട് നടന്ന മീറ്റിംഗിന്റെ മിനിട്ട്സ് ആണ് 66517/Dev.3/ 2013 നമ്പർ പ്രകാരം ധനവകുപ്പിന് ലഭിച്ചിട്ടുള്ളത്. |
| (ബി) | മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കുന്നതു മായി ബന്ധപ്പെട്ട് സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ | (ബി) | കണക്കാക്കിയിട്ടുണ്ട്. മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കിയാൽ പ്രതിവർഷം 210 കോടി രൂപ സർക്കാരിന് അധിക ബാധ്യത ഉണ്ടാകും. എന്നാൽ നഗരസഭകൾക്കും കോർപ്പറേഷനകൾക്കും നിലവിൽ സർക്കാർ നൽകുന്ന |

| | | | |
|---|---|---|---|
| | വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ഈ തുക തട്ടിക്കിഴിച്ചാൽ സർക്കാരിന് 5.32 കോടി രൂപയുടെ അധിക ബാദ്ധ്യതയാണുണ്ടാകുന്നത്. 2013-14 വർഷത്തിൽ ജനറൽ പർപ്പസ് ഫണ്ടായി കോർപ്പറേഷനുകൾക്കും നഗരസഭകൾക്കുമായി അനുവദിച്ചത് 204.68 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ